(ബി) ഈ പദ്ധതി ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പണിക്ക് 50 ലക്ഷം രൂപയുടെ ഒരു എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയതിന് ഭരണാനുമതി, പ്രത്യേകാനുമതി, ബഡ്ജറ്റിൽ മതിയായ തുക എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് പണി ഏറ്റെടുത്ത് നടത്തുവാൻ കഴിയുന്നതാണ്.

റസ്റ്റ് ഹൗസുകളുടെ സ്വകാര്യവത്ക്കരണം

138 (2857) ശ്രീമതി മേഴ്സി രവി :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വി. ബാലറാം :
ശ്രീ. എം. പി. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റസ്റ്റ് ഹൗസുകൾ സ്വകാര്യ മേഖലയ്ക്ക് നൽകുന്ന കാര്യത്തിൽ സ്വീകരിച്ച മാനദണ്ഡം എന്തെല്ലാമായിരുന്നു ?

ഉത്തരം

രണ്ട് ഘട്ടമായിട്ടുള്ള തുറന്ന മത്സര യോഗ്യത നിർണ്ണയരീതിയാണ് അവലംബിച്ചത് . യോഗ്യതാനിർണ്ണയവും പ്രപ്പോസൽ പരിശോധനയും, പ്രഥമയോഗ്യതാനിർണ്ണയത്തിനായി താൽപ്പര്യമുള്ള സ്വകാര്യ മൂലധന നിക്ഷേപകരിൽ നിന്നും പത്രപരസ്യം മുഖേന അപേക്ഷകൾ ക്ഷണിക്കുകയും തുടർന്ന് പ്രവർത്തി പരിചയം, സാമ്പത്തിക യോഗ്യത എന്നീ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രഥമ യോഗ്യതാനിർണ്ണയം നടത്തി. ഇതിൽ നിന്നും തിരഞ്ഞെടുത്ത അപേക്ഷകരിൽ നിന്നും ലഭിച്ച പ്രപ്പോസലുകൾ താഴെപ്പറയുന്ന 4 മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മൂല്യനിർണ്ണയം നടത്തിയാണ് അനുയോജ്യരായ സ്വകാര്യ മൂലധന നിക്ഷേപകരെ കണ്ടെത്തിയത്.

1. ബിഡ്ഡർ സ്റ്റാറ്റസ്
2. ഏറ്റവും കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്ന ഓഫർ.
3. ഏറ്റവും ഉയർന്ന കൺസഷൻ പേമെന്റ് ഓഫർ
4. കൺസഷൻ കാലാവധിയുടെ ദൈർഘ്യം.

LIBRARY ARCHIVES Kerala Legislative Assembly